# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏറത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PTA.P10/817/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 20/09/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഏറത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PTA.P10/817/2023 തീയ്യതി: 20/09/2023

## പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 09-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 21-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 21-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എ.സജി, ഓഡിറ്റ് ഓഫീസർ,
ശ്രീ മഹേഷ് കുമാർ കെ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി ദീപ കെ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ സന്തോഷ് ചാത്തന്നൂപ്പഴ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി ഡി | സെക്രട്ടറി | 01-04-2022 | 11-04-2022 |
| ശ്രീ സിജു പി. | സെക്രട്ടറി | 13-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സുരേഷ് കുമാർ ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. ദിവ്യ എസ്. | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മാൻസി അലക്സ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. നിഷ പി. | വെറ്ററിനറി സർജ്ജൻ (വയല) | 01-04-2022 | 31-03-2023 |
| ഡോ. ജി. അനിത | വെറ്ററിനറി സർജ്ജൻ (ഏറത്ത്) | 01-04-2022 | 31-03-2023 |
| ശ്രീമതി ഗ്രീഷ്മ | കൃഷി ഓഫീസർ | 01-04-2022 | 21-04-2022 |
| ശ്രീ റോണി വർഗ്ഗീസ് | കൃഷി ഓഫീസർ | 22-04-2022 | 19-06-2022 |
| ശ്രീമതി ജി.വി. അഖില | കൃഷി ഓഫീസർ | 20-06-2022 | 05-10-2022 |
| ശ്രീമതി ചിത്ര കെ.ആർ. | കൃഷി ഓഫീസർ | 06-10-2022 | 31-03-2023 |
| ശ്രീമതി സജിന ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ ഷിബുമോൻ എം. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സജി പി. വിജയൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ ആർ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ ഉദീഷ് യു. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി കവിത കൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ശരണ്യ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സരള ബി. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല | 1-1-2 |
| 4 | മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-3 |
| 5 | നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് ബാലൻസുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | സംയുക്ത പദ്ധതി-നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-5 |
| 7 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-6 |
| 8 | വാർഷിക കണക്കിന്റെ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | Stale Cheque ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-1-9 |
| 11 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ക്ഷേമ പദ്ധതികൾ | 1-9 |
| 20 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 21 | ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി വരവ് സംബന്ധിച്ച അവലോകനം. | 1-11 |
| 22 | കൃത്യമായ നിരീക്ഷണമില്ലാത്തതിനാൽ തൊഴിൽ നികുതി പിരിവിൽ ലക്ഷങ്ങളുടെ കുറവ് വന്നു. | 1-12 |
| 23 | ലൈസൻസ് ഫീസ് -പിരിവിൽ പുരോഗതി | 1-13 |

| | | |
|---|---|---|
| 24 | വാടകയിനത്തിൽ 17660 രൂപ ഈടാക്കാനായിട്ടില്ല. | 1-14 |
| 25 | ലേല വരുമാനം കുറയുന്നു | 1-15 |
| 26 | തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല - 811192 രൂപ പാഴായി | 1-16 |
| 27 | ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം പൂർത്തീകരിക്കാനായില്ല. | 1-17 |
| 28 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-മുൻകൂർ നൽകിയ തുക ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-18 |
| 29 | വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-19 |
| 30 | ടേക്ക് എ ബ്രേക്ക് പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 31 | ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ പിന്തുണ അവശ്യം. | 1-21 |
| 32 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-22 |
| 33 | അഗതി രഹിത കേരളം-പദ്ധതി | 1-23 |
| 34 | അനന്തരാവകാശികൾ ക്ഷേമപെൻഷൻ അനർഹമായി കൈപ്പറ്റുന്നു. | 1-24 |
| 35 | മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു . | 1-25 |
| 36 | വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച വികസനഫണ്ട് തുക തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-06-2023 ലെ 2(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 01-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എൻറെ ഫിനാൻഷ്യൽ ലോഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എൻറെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എൻറെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| പത്തനംതിട്ട<br>20.09.2023 | ഡെപ്യൂട്ടി ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് കാര്യാലയം,<br>പത്തനംതിട്ട |

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയ്ക്ക് ഒപ്പം റേഷ്യോസ് (അടിസ്ഥാന അനുപാതങ്ങൾ), സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ അടൂർ ബ്രാഞ്ച്-അക്കൗണ്ട് നം. 37196700027 – 2023 മാർച്ച് മാസത്തെ ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ഇനത്തിൽ 94,946 രൂപ അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

### 1-1-3 മൂന്ന് മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque

ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് അടൂർ-അക്കൗണ്ട് നം. 116812301056742 - 2023 മാർച്ച് മാസത്തെ ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 29.10.2022 ന് വിതരണം ചെയ്ത 4503 രൂപയുടെ 552481 നമ്പർ ചെക്ക് ബാങ്കിൽ മാറാതെ അവശേഷിക്കുന്നു. ഇത് Liability In Respect Of Stale Cheque എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടില്ല.

## 1-1-4 നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് ബാലൻസുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (എൽ.ബി.13), ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് (തനത് ഫണ്ട്), സബ് ട്രഷറി (705031400000003) അക്കൗണ്ടുകളിൽ യഥാക്രമം 101 രൂപ, 6,49,529 രൂപ, 232 രൂപ വീതം നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. എന്നാൽ ടി അക്കൗണ്ടുകൾ നിലവിലില്ല.

## 1-1-5 സംയുക്ത പദ്ധതി-നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല

സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ 95,468രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിൽ 108872 രൂപയും ചെലവഴിക്കുവാൻ അവശേഷിക്കുന്നു. നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല.

## 1-1-6 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമാക്കുന്ന ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-7 വാർഷിക കണക്കിന്റെ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഷെഡ്യൂൾ ബി5 – വായ്പ ഇനത്തിൽ സംസ്ഥാന സർക്കാറിലേക്കുള്ള ബാധ്യതയായി 18,71,839 രൂപയും KURDFC-യിലേക്കുള്ള ബാധ്യതയായി 3,01,46,337 രൂപയും അവശേഷിക്കുന്നു. രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ മുന്നിരിപ്പ് തുകയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല.

ഷെഡ്യൂൾ ബി18 – വാർഷിക ധനകാര്യ പത്രിക പ്രകാരം, കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ 5,66,753 രൂപയും കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച തുകയിൽ 41,87,380 രൂപയും പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകയിൽ 49,748 രൂപയും മറ്റ് അംഗീകൃത ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ 1,66,600 രൂപയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ തുകയിൽ 1,39,621 രൂപയും ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലില്ലാത്തതിനാൽ മുന്നിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള മുന്നിരിപ്പ് മാത്രമാണ് ആധാരമാക്കിയിട്ടുള്ളത്.

## 1-1-8 വാർഷിക കണക്കിലെ തുകകൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി, സേവന ഉപനികുതി എന്നിവയുടെ ഡിമാന്റ്, കളക്ഷൻ തുകകൾ (കുടിശ്ശിക, തന്നാണ്ട്) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-9 Stale Cheque ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

ഷെഡ്യൂൾ ബി9 - 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി Liability In Respect Of Stale Cheque എന്ന ഹെഡ്ഡിലേക്ക് മാറ്റിയിട്ടുള്ള 1,86,569 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

## 1-1-10 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

കേരള പഞ്ചായത്ത് രാജ് ആക്റ്റ് ചട്ടം 214 1(b)8 പ്രകാരം സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ബഡ്ജറ്റ് പാസാക്കേണ്ടതും ബഡ്ജറ്റ് പാസാക്കാത്ത പക്ഷം യാതൊരു ചെലവും ചെയ്യാൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്. ബഡ്ജറ്റ് പ്രകാരം ആകെ വരവ് 259937662 രൂപയും ആകെ ചെലവ് 252853000 രൂപയും നീക്കി ബാക്കി 7084662 രൂപയുമാണ് എന്നാൽ 2022-23 വർഷത്തെ ബഡ്ജറ്റ് 21.03.22 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 06.04.22 ലെ 1-ാം നമ്പർ തീരുമാന പ്രകാരമാണ് അംഗീകരിച്ചത്. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 22.02.23 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്)

| | |
|---|---|
| മുന്നിരിപ്പ് | 2,05,44,659 |
| വരവ് | 5,16,80,522 |
| ആകെ | 7,22,25,181 |
| ചെലവ് | 3,97,56,827 |
| നീക്കിയിരിപ്പ് | 3,24,68,354 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായത്/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 18289000 | 18289000 | 17741607 | 547393 |
| വികസനഫണ്ട്-എസ്.സി.പി | 0 | 11139000 | 11139000 | 10049401 | 1089599 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 48291000 | 48291000 | 43654670 | 4636330 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 5593000 | 5593000 | 4320093 | 1272907 |
| സി.എഫ്.സി-ടൈഡ് | 2252868 | 4665000 | 6917868 | 2511272 | 4406596 |
| സി.എഫ്.സി-അൺ ടൈഡ് | 462873 | 3110000 | 3572873 | 1999780 | 1573093 |
| സി.എഫ്.സി (ടൈഡ്)-ട്രഷറി | 0 | 948300 | 948300 | 856739 | 91561 |
| സി.എഫ്.സി (ബേസിക്)-ട്രഷറി | 0 | 123 | 123 | 0 | 123 |

{റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രോജക്റ്റ് നം. 236, 275 എന്നിവ പ്രകാരമുള്ള ആകെ ചെലവ് തുക 16,45,079 രൂപ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല}

കേന്ദ്രാവിഷ്കൃത/സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. | 278513 | 888714 | 1167227 | 799613 | 367614 |
| ശുചിത്വ മിഷൻ | 2717759 | 721428 | 3439187 | 988154 | 2451033 |
| നബാർഡ് | 73852 | 0 | 73852 | 73852 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 2555575 | 1860000 | 4415575 | 2543736 | 1871839 |
| ഹെൽത്ത് ഗ്രാന്റ് | 0 | 722574 | 722574 | 320108 | 402466 |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ വിഭാഗങ്ങളിൽ നിന്ന് സ്രോതസ്സിൽ കുറവുചെയ്ത തുക വരവിൽ (അലോട്ട്മെന്റിൽ) ഉൾപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസനഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് | 2308730 |
| വികസനഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1051200 |
| വികസനഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് | 997989 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തത് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 405 | 235656988 | 364 | 103458537 | 41 | 78.07 |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 12 | 5556016 | 1660633 | 29.89 |
| വെറ്ററിനറി സർജൻ | 14 | 12 | 4249300 | 2836785 | 66.76 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 15 | 11 | 3728155 | 3164092 | 84.87 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 7 | 7 | 840000 | 827861 | 98.56 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 17 | 119904337 | 24728464 | 20.62 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 7 | 5125000 | 426740 | 8.33 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | 5 | 5 | 2022360 | 1259803 | 62.30 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 100000 | 16000 | 16 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2451200 | 1320924 | 53.89 |
| അസിസ്റ്റൻറ് സെക്രട്ടറി | 9 | 7 | 3402720 | 1893653 | 55.65 |
| സെക്രട്ടറി | 29 | 22 | 8901275 | 7336990 | 82.43 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ.) | 280 | 260 | 79376625 | 54186592 | 68.27 |
| ആകെ | 405 | 364 | 235656988 | 103458537 | 43.90% |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവു ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 40548792 | 40548792 | 40548792 | 0 |
| ഭരണച്ചെലവുകൾ | 50639.35 | 1925992 | 1976631.35 | 1924971 | 51660.35 |
| ആകെ | 50639.35 | 42474784 | 42525423 | 42473763 | 51660.35 |

## 1-7 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഏതിനത്തിലുള്ള ഡെപ്പോസിറ്റ് ആണെന്ന് ഇനം തിരിച്ച് എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടോ എന്ന് മോണിട്ടർ ചെയ്യുന്നതിന് സംവിധാനമില്ല. ഇത് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.20223-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,046/- (ഇരുപത്തി ഏഴായിരത്തി നാൽപത്തി ആറു രൂപ മാത്രം) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 798200 | 523 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3743500 | 2377 |
| വിധവാപെൻഷൻ | 11441800 | 7652 |
| വാർദ്ധക്യകാല പെൻഷൻ | 27643700 | 19291 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 521200 | 360 |

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-2015 മുതൽ 12-01-2016 വരെ | 2010-11– 2014-15 | 04-03-2016 |
| പെർഫോമൻസ് ഓഡിറ്റ് | 10-06-2022 മുതൽ 15-06-2022 വരെ | 01/2022– 03/2022 | 16-06-2022 |

## 1-11 ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി വരവു സംബന്ധിച്ച അവലോകനം.

A) പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കിത്തുടങ്ങിയിട്ടില്ല .

സ.ഉ 25/2023/തസ്വഭവ, തീയതി 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് ഏറത്ത് ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് (16.05.2023 ലെ 12(1) ാം തീരുമാനം) കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 08.07.2023 ലെ പത്രപ്പരസ്യം പ്രകാരം 30 ദിവസം ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് വേണ്ടി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് അധികൃതർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതിനും അതിനനുസരിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

B) വസ്തു നികുതി പിരിവ് ആശാവഹം .

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നീ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന പരിശോധിച്ചതിൽ നിന്നും 3.78 ലക്ഷം രൂപ മാത്രം കുടിശ്ശികയായിട്ടുള്ളതായി കണ്ടു. ഇതിൽ 159470 രൂപയും രണ്ട് മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശികയാണ്. ആകെ ഡിമാന്റ് തുകയായ 80.49 ലക്ഷം രൂപയിൽ 76.71 രൂപയും പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞു എന്നത് അഭിനന്ദനാർഹമാണ്. അതായത് ആകെ ഡിമാന്റ് തുകയുടെ 95.30% തുകയും പിരിച്ചെടുത്തിട്ടുണ്ട്. സഞ്ചയ

സോഫ്റ്റ്‌വെയർ മുഖേനയുള്ള DCB വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ | മുൻ വർഷം | തൻ വർഷം | ആകെ |
| 872581 | 7177350 | 8049931 | 615414 | 7055901 | 7671315 | 257167 | 121449 | 378616 |

മൊബൈൽ ടവറുകൾ ഉൾപ്പെടെയുള്ള കുടിശ്ശിക ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധനയിൽ നിന്നും താഴെ പറയുന്ന ഏതാനും വ്യക്തികളുടെ കെട്ടിടങ്ങൾ വർഷങ്ങളായി കുടിശ്ശിക വരുത്തിയിട്ടുള്ളതായും കണ്ടു. പിഴപ്പലിശ ഒഴിവാക്കിയുള്ള കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം /കെട്ടിട നം | പേരും വിലാസവും | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | വെള്ളാരം കുന്ന് 2/2 UA | മോളി സോളമൻ, മോളി ഭവൻ,വെള്ളക്കുളങ്ങര, മണക്കാല | 772+39+232=1043 | 2015-16 രണ്ടാ അർദ്ധവർഷം - 2022-23 | 7968 |
| 2 | വടക്കടത്തുകാവ് 12/670 | ഷാജി, ഷാജി ഭവൻ, | 2571+129+772= 3472 | 2020-21 മുതൽ 2022-23 വരെ | 10416 |
| 3 | അന്തിച്ചിറ 15/69 | സുധാകരൻപിള്ള, ശ്രീകല്പം, | 1323+67+397 = 1787 | 2013-14 മുതൽ 2022-23 വരെ | 17870 |
| 4 | ദുവയൂർ വടക്ക് 16/105 | ഗോപിനാഥൻ, ജിഷ്ണു നിവാസ് | 738+37+222= 997 | 2013-14 മുതൽ 2022-23 വരെ | 9970 |
| 5 | ദുവയൂർ വടക്ക് 16/421 | രത്തമ്മ എസ്, സിന്ധു സദനം | 2016+101+605=2722 | 2013-14 മുതൽ 2022-23 വരെ | 27220 |
| 7 | ദുവയൂർ വടക്ക് 16/422 | രത്തമ്മ, സന്ധ്യാ കാഷ്യൂ ഫാക്ടറി | 2552+128+766=3446 | 2013-14 മുതൽ 2022-23 വരെ | 34460 |
| | ആകെ | | | | 107904 |

C) മൊബൈൽ ടവറുകളുടെ വസ്തു നികുതിയിനത്തിൽ കുടിശ്ശിക ₹159470 രൂപ

2022-23 സാമ്പത്തിക വർഷം വരെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധിച്ചപ്പോൾ താഴെ പറയുന്ന ടവർ ഉടമകൾ ₹159470 രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം/കെട്ടിട നം | മൊബൈൽ ടവർ | നിർണ്ണയിച്ച വസ്തു നികുതി + ലൈബ്രറി സെസ്സ്+സർവീസ് സെസ്സ് | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 1/703 | മാനേജർ ,റിലയൻസ് ഇൻഫ്രാറ്റെൽ ലിമിറ്റഡ്,റിലയൻസ് ഇൻഫോകോം | 11340+567+3402 = 15309 | 2013-14 മുതൽ 2022-23 വരെ | 153090 |
| 2 | 4/736 | ഹച്ചിസൺ എസ്സാർ, സെല്ലുലാർ,എറണാകുളം | 4725+237+1418 =6380 | 2022-23 | 6380 |
| | | ആകെ | | | 159470 |

ടി സ്ഥാപനത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായി അധികൃതർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

D) അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കുന്നില്ല .

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് U.A എന്ന രേഖപ്പെടുത്തി അനധികൃതനിർമ്മാണം കണ്ടെത്തിയ വർഷവും ചേർത്താണ് കെട്ടിട നമ്പർ നൽകേണ്ടത്.

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ UA രജിസ്റ്റർ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ പല നിർമ്മാണങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയുള്ള പരിശോധനയിൽ കണ്ടു. 10 വാർഡുകളുടെ രജിസ്റ്റർ ഹാജരാക്കിയതിൽ പരുത്തിപ്പാറ, കിളിവയൽ വാർഡുകളിൽ അനധികൃത നിർമ്മാണങ്ങൾ ഇല്ല. അവശേഷിക്കുന്ന 7 വാർഡുകളിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നില്ല.

| വാർഡ് നം | വാർഡ് നമ്പർ/വാർഡിന്റെ പേര് | ആകെ അനധികൃത കെട്ടിടങ്ങളുടെ എണ്ണം | നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം | നികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | മണക്കാല | 4 | 0 | 4 |
| 2 | വെള്ളാരം കുന്ന് | 6 | 0 | 6 |
| 3 | അയ്യൻ കോയിക്കൽ | 2 | 0 | 2 |
| 5 | മുരുകൻ കുന്ന് | 2 | 0 | 2 |
| 7 | വയല | 3 | 0 | 3 |
| 8 | പുലിമല | 2 | 0 | 2 |
| 9 | പുതുശ്ശേരിമല | 1 | 0 | 1 |
| 10 | മഹർഷിക്കാവ് | 2 | 0 | 2 |
| ആകെ | | 22 | 0 | 22 |

ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ , അത് വകുപ്പ് 233,ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 235 AA ചട്ടം അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്യുന്നില്ല. ഇക്കാരണത്തിൽ നികുതി വരുമാനത്തിലുണ്ടാകേണ്ട വരുമാനം നഷ്ടമാകുന്നുണ്ട്.

E) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല .

കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2018.(SRO No.96/2018;15.02.2018) പ്രകാരം 31.07.2017 ന് മുമ്പുള്ള അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു.

ചട്ടം 18 ൽ ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും ചട്ടം 17 പ്രകാരം ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്ററും സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ടിരുന്നെങ്കിലും യാതൊരു വിവരങ്ങളും ലഭ്യമാക്കിയിരുന്നില്ല. ഇക്കാരണത്താൽ അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിനെ യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-12 കൃത്യമായ നിരീക്ഷണമില്ലാത്തതിനാൽ തൊഴിൽ നികുതി പിരിവിൽ ലക്ഷങ്ങളുടെ കുറവു വന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി പിരിവ് മുൻവർഷത്തേക്കാൾ കുറവാണ് എന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2021-22 വർഷത്തെ വരവ് | 2022-23 വർഷത്തെ വരവ് | വ്യത്യാസം |
|---|---|---|---|
| തൊഴിൽ നികുതി | 3831860 | 3572270 | (-)259590 |

തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണമാണ് . ILGMS മുഖേനയുള്ള ലെഡ്ജർ പരിശോധനയിലൂടെയാണ് മേൽ വിവരം റിപ്പോർട്ട് ചെയ്യുന്നത്. രജിസ്റ്ററിൽ DCB തയ്യാറാക്കിയിരുന്നില്ല. ഇക്കാരണത്താൽ മുൻ വർഷ കുടിശ്ശിക ഈടാക്കിയോ എന്നു പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

സ്ഥാപനങ്ങൾ, ജീവനക്കാർ , പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവർ, സ്വകാര്യ കോളേജുകൾ, സ്കൂളുകൾ എന്നിങ്ങനെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇതിനാൽ തന്നെ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നാണെന്നോ ഏതെല്ലാം ജീവനക്കാരിൽ നിന്നാണെന്നോ തൻ വർഷം തൊഴിൽ നികുതി ഈടാക്കാതിരുന്നതെന്നു കണ്ടെത്താൻ കഴിയുന്നില്ല. തൊഴിൽ നികുതി ഡേറ്റബേസ് അടിയന്തിരമായി തയ്യാറാക്കുന്നതിന് ജീവനക്കാർക്ക് നിർദ്ദേശം നൽകാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബാദ്ധ്യസ്ഥരാണ്. അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട ലക്ഷക്കണക്കിനു രൂപയുടെ ലഭിക്കാതെ വരുന്ന സാഹചര്യം സംജാതമായേക്കാം. ഇതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 ലൈസൻസ് ഫീസ് -പിരിവിൽ പുരോഗതി

ഗ്രാമപഞ്ചായത്തിൽ നിന്നും FTAEOS (Licence Fees For Factories, Traders, Enterpreneuors And Other Services ) എന്ന ലൈസൻസ് ഫീസ് ഇനത്തിൽ മുൻ വർഷത്തെ വരവിനേക്കാൾ 23700 രൂപയുടെ വർദ്ധനവ് തൻവർഷം നേടാൻ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2021-22 വർഷത്തെ വരവ് | 2022-23 വർഷത്തെ വരവ് | വ്യത്യാസം |
|---|---|---|---|
| FTAEOS ഫീസ് | 258700 | 282400 | (+) 23700 |

എന്നാൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ഒരു ഡേറ്റബേസ് തയ്യാറാക്കുന്നതിനോ അതു നിരീക്ഷിക്കുന്നതിനോ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. ഇക്കാരണങ്ങളാൽ മുൻ വർഷം ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല.

I) ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ.

2021-22 ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് 2022-23 ൽ ലൈസൻസ് നൽകിയിട്ടില്ല. ഇവ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും 2022-23 ൽ ലൈസൻസ് എടുക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/20.07.2023) മറുപടിയായി സ്ഥാപനങ്ങൾ 2022-23 ൽ പ്രവർത്തിച്ചിരുന്നില്ല എന്നു ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | Dr അഞ്ജന രാജൻ. തട്ടാരയ്യത്ത്, വടക്കടത്തു കാവ് | ഡെന്റൽ ക്ലിനിക് V/546, 546 A |
| 2 | ഷേർലി കുര്യൻ, വടക്കേൽ കളീക്കൽ ഗ്രേസ് ലാന്റ്, വടക്കടത്തുകാവ് | കോൺക്രീറ്റ് ടൈൽ നിർമ്മാണം IV/767 |

| | | |
|---|---|---|
| 3 | അമൽ, മാതാ ടിമ്പർ വർക്സ്. വടക്കടത്തുകാവ് | തടിമിൽ<br>lv/434A |

ll) ലൈസൻസ് ഫീ മുൻ വർഷത്തേക്കാൾ കുറവായി ഈടാക്കി .

മുൻ വർഷത്തെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഉയർന്ന ലൈസൻസ് ഫീസ് ഈടാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ 2022-23 വർഷം കുറവു ചെയ്തതായി കണ്ടു. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233-ൽ 20.10.2017 മുതൽ ഭേദഗതി വരുത്തുകയും ആയതിനനുസരിച്ച് ലൈസൻസ് ഫീ നിരക്കിൽ ഇളവുകൾ വരുത്തുകയും ചെയ്തിരുന്നു. (2018 ലെ കേരളം നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട്). ഇതനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ രൂപീകരിച്ചിരുന്നു. ചട്ടം 7, പട്ടിക II പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ കുറവു വരുത്തിയതിനു നിയമാനുസൃത മൂലധനം കണക്കാക്കിയാണോ കുറവു വരുത്തിയതെന്നു വിശദമാക്കേണ്ടതാണ്.

വ്യാപാരത്തിലുണ്ടായ കുറവു കാരണം നേരിട്ടു പരിശോധന നടത്തി ഫീസ് ഇളവു വരുത്തിയെന്ന മറുപടിയാണ് ഓഡിറ്റിനു നൽകിയത്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന അപേക്ഷയോ പരിശോധന റിപ്പോർട്ടോ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് റിപ്പോർട്ടുകളോ ഓഡിറ്റിനു ഹാജരാക്കിയിരുന്നില്ല.

| ക്രമ നം | അപേക്ഷകന്റെ പേര് | ലൈസൻസ് | 2021-22 ൽ ഈടാക്കിയ ഫീസ് | 2022-23 ൽ ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | സാലി അലക്സാണ്ടർ,വാഴവിളയിൽ, മണക്കാല | സിന്തറ്റിക് വിനാഗിരി നിർമ്മാണം XIII/81 | 2000 | 1000 |
| 2 | അലക്സ് കോശി, തോണ്ടലിൽ പുത്തൻവീട്, കണ്ണംകോട്. അടൂർ | ഹാർഡ് വെയർ വിപണനം<br>V/12 | 1000 | 500 |

മേൽ രണ്ടു വിഷയത്തിലും ഉദ്യോഗസ്ഥർ നൽകിയ മറുപടി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിനു വിധേയമായി തീർപ്പാക്കുന്നതാണ്. ലൈസൻസ് എടുക്കുന്നവരുടെ ഡേറ്റബേസ് തയ്യാറാക്കേണ്ടതും ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിനെ ആധാരമാക്കി ഫീസ് നിർണ്ണയിക്കുന്നതിനു തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 വാടകയിനത്തിൽ 17660 രൂപ ഈടാക്കാനായിട്ടില്ല.

M.C റോഡിനോടു ചേർന്നുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 8 മുറികളാണ് വാടകയ്ക്ക് നൽകി വന്നിരുന്നത്. ഇതിൽ ആദ്യ മുറി നൽകിയിരുന്ന ശ്രീ N സുകുമാരൻ, നാരായണി മന്ദിരം എന്ന വ്യക്തി നവമ്പർ മുതൽ 5 മാസത്തെ കുടിശ്ശികയായ 17660 രൂപ അടച്ചിട്ടില്ല. രജിസ്റ്ററിൽ നിന്നും ടിയാൾ ബഹു കേരള ഹൈക്കോടതിയിൽ കേസ് നൽകിയതായി കണ്ടു. (WP(C) നം. 33199/2022). പ്രസ്തുത കേസിന്റെ തുടർനടപടികൾക്കനുസൃതമായി കുടിശ്ശിക ഈടാക്കേണ്ടതാണ്. മുൻ വർഷം സപ്ളൈകോ ഡിപ്പോയ്ക്ക് വാടകയ്ക്ക് (1646/മാസം) നൽകിയിരുന്ന കെട്ടിടം തൻവർഷം വാടകയ്ക്കു നൽകിയിട്ടില്ല. ഇതു മൂലം പ്രതിവർഷം 20000 രൂപയുടെ വരുമാനത്തിൽ കുറവ് ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്നുണ്ട്. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തൻ വർഷം വാടകയിനത്തിൽ 211620 രൂപയാണ് വരവ്.

## 1-15 ലേല വരുമാനം കുറയുന്നു

തുടർച്ചയായ മൂന്നു വർഷങ്ങളിൽ (2020-21.2021-22, 2022-23) ലേല നടപടികളിലൂടെ ഗ്രാമപഞ്ചായത്തിനു യാതൊരു വരുമാനവും ലഭിക്കുന്നില്ല എന്നു ഓഡിറ്റ് നടത്തിയ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മുൻ വർഷങ്ങളിൽ മാട്ടിറച്ചി വ്യാപാരം, പഞ്ചായത്തിലെ പൊതു കുളങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം എന്നിവ ലേലം ചെയ്തു നൽകിയിരുന്നു. മത്തിപ്പുഴ പഞ്ചായത്ത് കുളം, പൂന്തല കുളം, പോണാൽ കുളം, കിളിവയൽ കുളം എന്നിവിടങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നത് ലേലം നൽകുകയും 10000 രൂപയിൽ കുറയാത്ത തുക ഗ്രാമപഞ്ചായത്തിനു വരുമാനമായി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇത്തരം വരുമാന മാർഗ്ഗങ്ങൾ നിലവിൽ നിന്നു പോയിട്ടുണ്ട്.

l) ഗ്രാമപഞ്ചായത്ത് പരിധിയിൽ മാട്ടിറച്ചി വിൽപ്പന ലേലം ചെയ്തു നൽകുന്നില്ല.

മുൻ വർഷങ്ങളിൽ വടക്കടത്തു കാവ് പബ്ലിക് മാർക്കറ്റ്, കിളിവയൽ ജംഗ്ഷനു സമീപമുള്ള പൊതു സ്ഥലം, ചൂരക്കോട് വായനശാല കെട്ടിടത്തിനു സമീപമുള്ള പൊതു സ്ഥലം, മണക്കാല ജംഗ്ഷനു സമീപമുള്ള പൊതു സ്ഥലം എന്നിവിടങ്ങളിൽ താൽക്കാലിക സ്റ്റാൾ സ്ഥാപിച്ച് മാട്ടിറച്ചി വ്യാപാരത്തിനുള്ള ലേലം ചെയ്തു നൽകുന്നതിനു

ഭരണസമിതി മുൻകൈ എടുത്തിരുന്നു. എന്നാൽ കഴിഞ്ഞ 10 വർഷമായി ഇറച്ചി വിൽപ്പനയ്ക്കുള്ള ലേലം ഗ്രാമപഞ്ചായത്തിൽ നടക്കുന്നില്ല. ഈ സ്ഥലങ്ങളിൽ അനധികൃതമായി മാട്ടിറച്ചി വ്യാപാരം നടക്കുന്നുണ്ടോയെന്നു ഉദ്യോഗസ്ഥർ പരിശോധിച്ച് ഓഡിറ്റിനു മറുപടി നൽകേണ്ടതാണ്.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40 പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്ടിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). അറവു ശാല സ്ഥാപിച്ച് ഇറച്ചി വ്യാപാരത്തിനുള്ള ലൈസൻസ് ലേലത്തിൽ നൽകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു.

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നതിനുള്ള സാഹചര്യമുണ്ട്. കൂടാതെ 17.09.2009-ലെ 1173/ഡി.ബി.2./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനികവും ശാസ്ത്രീയവുമായ അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ(കശാപ്പു ശാലകളും ഇറച്ചിക്കടകളും) പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്.

മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്. ഭരണസമിതി ഈ വിഷയത്തിൽ ഇടപെടൽ നടത്തേണ്ടതും, അനിവാര്യ ചുമതലകൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല - 811192 രൂപ പാഴായി

വിവിധ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനസജ്ജമല്ലാത്തത് കാരണം ഇതിനായി ചെലവഴിച്ച 811192 രൂപ (497428+313764) പാഴ്ച്ചെലവായി പരിണമിച്ചു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ / പേര് | 262/2021-22, 42/2022-23, തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് | 341/2021-22, 60/2022-23 തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റ് |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 150000<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 350000<br>ആകെ - 500000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 828320<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 1932736<br>ആകെ - 2761066 |
| തുക ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 150000<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 347428<br>ആകെ - 497428 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 313764<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 0<br>ആകെ - 313764 |
| എഗ്രിമെന്റ് നമ്പർ | 113/AE/LSGD/ERT; 17-11-2021 | 142/AE/LSGD/ERT; 07-03-2022 |
| കരാറുകാരൻ | ബിനു തോമസ്, തൈവിളയിൽ പുത്തൻവീട്, വയല P.O, പറക്കോട് | ശൈലേന്ദ്രനാഥ്, മുരുക വിലാസം. പുതുശ്ശേരിഭാഗം, വടക്കടത്ത് കാവ് |

ആദ്യ പദ്ധതി പ്രകാരം ചൂരക്കോട് LPS, പുതുശ്ശേരിഭാഗം LPS എന്നീ സ്കൂളുകളിൽ നാലു വീതം ബിന്നുകൾ അടങ്ങുന്ന കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായിരുന്നു 4.97 ലക്ഷം രൂപ ചെലവഴിച്ചിരുന്നത്. ഓഡിറ്റ് നടത്തിയ ഭൗതിക

പരിശോധനയിൽ ചൂരക്കോട് LPS ൽ സ്ഥാപിച്ച ബയോബിന്നുകൾ നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല എന്നു ബോദ്ധ്യപ്പെട്ടു.



രണ്ടാമത്തെ പദ്ധതിയിൽ പഞ്ചായത്ത് ഓഫീസ്, വടക്കടത്തുകാവ് LPS, വയല LPS, കോട്ടറ LPS എന്നിവിടങ്ങളിൽ തുമ്പൂർമൂഴി മോഡൽ കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. 1105777 രൂപയുടെ ടെണ്ടർ സമർപ്പിച്ച ശ്രീ ശൈലേന്ദ്രനാഥ് എന്ന കരാറുകാരനു പ്രവൃത്തി 19.02.2022ൽ ഏൽപ്പിച്ചു നൽകി. 07.04.2022 നകം പ്രവൃത്തി പൂർത്തീകരിക്കണമെന്നായിരുന്നു കരാറിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 05-01-2023 ൽ വയല LP സ്കൂളിൽ പ്രവൃത്തി നടപ്പാക്കുകയും പാർട്ട് ബിൽ ആയി നികുതികൾ ഉൾപ്പെടെ 313764 രൂപ ചെലവഴിക്കുകയും ചെയ്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പൂർത്തീകരിക്കാത്തതിനു ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/19.07.2023) മറുപടിയായി വടക്കടത്തുകാവ് LPS ൽ ബയോഗ്യാസ് പ്ലാന്റ് ഉള്ളതിനാൽ ഇത്തരം യൂണിറ്റിന്റെ ആവശ്യമില്ല എന്ന് PTA അറിയിച്ചതായും പഞ്ചായത്ത് ഓഫീസിൽ സൈറ്റ് പ്രശ്നങ്ങൾ കാരണം നടപ്പാക്കാനാവില്ല എന്നും കോട്ടറ LPS ൽ ഉപയോഗശൂന്യമായ ടോയലെറ്റ് പൊളിച്ചു മാറ്റിയാലെ യൂണിറ്റുകൾ സ്ഥാപിക്കാനാവൂ എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

സർക്കാർ നിർദ്ദേശപ്രകാരം സ്ഥാപിക്കുന്ന ബയോബിന്നുകളിൽ ജൈവ മാലിന്യങ്ങൾ ഇടുന്നതിനു ആവശ്യത്തിനു പരിശീലനം സ്കൂൾ അധികൃതർക്കു നൽകിയിട്ടില്ല. ഇത്തരം മാലിന്യ സംവിധാനങ്ങൾ പ്രവർത്തനസജ്ജമാക്കുന്നതിനാവിശ്യമായ ബാക്ടീരിയ എൻറിച്ച്ഡ് ഇനോക്യുലം അധികൃതർ വാങ്ങി നൽകുകയോ ഇവയുടെ പ്രവർത്തനസംവിധാനം വിവരിക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണങ്ങളാൽ വിവിധ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾ പ്രവർത്തനസജ്ജമല്ലാതാകുകയും പൊതുഖജനാവിൽ നിന്നും ചെലവഴിച്ച 811192 രൂപ (497428+313764) പാഴ്ചെലവായതായും ഓഡിറ്റ് വിലയിരുത്തുന്നു. സംസ്ഥാന ശുചിത്വ മിഷൻ അധികൃതരെ ഈ വിവരം അറിയിക്കേണ്ടതും മതിയായ പരിശീലനം കുടുംബശ്രീ അംഗങ്ങൾക്കോ ഹരിത കർമ്മ സേന അംഗങ്ങൾക്കോ നൽകുകയും ഇതിനായി പ്രതിഫലം നിശ്ചയിക്കുകയും ചെയ്യാവുന്നതാണ്. അല്ലാത്തപക്ഷം ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് നിർമ്മിക്കപ്പെട്ട ഇത്തരം യൂണിറ്റുകൾ ഉപയോഗശൂന്യമായി നശിക്കാൻ സാധ്യതയുള്ളതിനാൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിക്കുന്നു. അക്രഡിറ്റഡ് ഏജൻസികൾ 2.5 ലക്ഷം രൂപയ്ക്ക് രണ്ടു ബിന്നുകൾ ഉള്ള ഷെഡ്ഡുകൾ നിർമ്മിക്കുമ്പോൾ ഇതേ തുകയ്ക്ക് 4 ബിന്നുകൾ ഉള്ള യൂണിറ്റ് സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയ എഞ്ചിനീയറിംഗ് വിഭാഗം അഭിനന്ദനവുമർഹിക്കുന്നു.

## 1-17 ഗ്രാമപഞ്ചായത്തിന്റെ പുതിയ ഓഫീസ് കെട്ടിടം പൂർത്തീകരിക്കാനായില്ല.

ഏറത്ത് പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് സ്വീകരിക്കുന്ന നടപടികൾ ഫലപ്രദമാകുന്നില്ല. സ്ഥല പരിമിതിയിൽ ബുദ്ധിമുട്ടുന്ന പഞ്ചായത്തിന് ഹോമിയോ ആശുപത്രിയുടെ സമീപത്തായി പഞ്ചായത്ത് വക സ്ഥലത്ത് ആസ്ഥാന മന്ദിരം പണിയുന്നതിനുവേണ്ടി 2016-17 വർഷം തുടങ്ങിയ നിർമ്മാണമാണ് 2022-23 സാമ്പത്തിക വർഷമായിട്ടും പൂർത്തിയാകാതെ കിടക്കുന്നത്.



കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിനായി 50 ലക്ഷം രൂപയുടെ പദ്ധതി 2016-17 ൽ തയ്യാറാക്കിയിരുന്നു . ഒന്നാം നില വാർക്കുന്നതിനിടെ തട്ട് തകർന്ന് മേൽക്കൂരയുടെ കുറച്ച് ഭാഗം തകർന്നു വീണതു കാരണം പണി മുടങ്ങി. പിന്നീട് തകർന്നു വീണ ഭാഗം പുനർനിർമ്മിച്ച് 4831315 രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. തുടർന്ന് 2021-22 സാമ്പത്തിക

വർഷം 24.70 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടത്തുകയും ചെയ്തു. അടിത്തറ കെട്ടി, കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് ഒന്നാം നില വാർക്കുകയും, ഭിത്തി നിർമ്മിക്കുകയും പ്ലാസ്റ്ററിംഗ് നടത്തുകയും മാത്രമാണ് കഴിഞ്ഞ ഏഴ് വർഷം എടുത്ത് പൂർത്തിയാക്കിയിട്ടുള്ളത്. ആകെ 7727848 രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് |
|---|---|
| 2017-18 | 2138911 |
| 2018-19 | 520282 |
| 2019-20 | 1862693 |
| 2020-21 | 228429 |
| 2021-22 | 2470256 |
| 2022-23 | 507277 |
| ആകെ | 7727848 |

നിലവിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് അൻപത് ലക്ഷം രൂപയും, മുകൾ നില നിർമ്മിക്കുന്നതിന് ഒരു കോടി രൂപയും ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ പഞ്ചായത്തിനെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 ൽ ഈ പ്രോജക്ടിന് 6 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് അനുവദിച്ചിട്ടുള്ളത്. പഞ്ചായത്ത് അനുവദിച്ച തുകകൾ ചെലവഴിച്ചിട്ടുണ്ടെന്നും, ഘട്ടങ്ങളായി ഫണ്ട് അനുവദിക്കുന്നതിനാൽ കെട്ടിടത്തിന്റെ നിർമ്മാണം കൃത്യമായി ആസൂത്രണം ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്നതിന് സാധിക്കുന്നില്ലെന്നും അവശേഷിക്കുന്ന പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് ഒന്നിച്ച് കണ്ടെത്തിയെങ്കിൽ മാത്രമേ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ എന്നുമാണ് സാങ്കേതിക വിദഗ്ധർ അറിയിച്ചിട്ടുള്ളത്. നിലവിൽ കെട്ടിടം തുടർ നിർമ്മാണമോ, സംരക്ഷണമോ ഇല്ലാതെ കാടു കയറിയ നിലയിലാണ്. 2022-23 ൽ 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. (പ്രൊജക്ട് നം.59) 2020032 രൂപ ടെണ്ടർ ക്വോട്ട് ചെയ്ത് ശ്രീ ശിവഗോപാൽ M.G, എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകിയിരുന്നു. ഇതു പ്രകാരം 28.12.2022 ൽ കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും കരാർ കാലാവധി 7 മാസമായി നിജപ്പെടുത്തുകയും ചെയ്തു. എന്നാൽ 2022-23 ൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 6 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ഇതിൽ 5.33 ലക്ഷം രൂപയുടെ മാത്രം പ്രവൃത്തിയാണ് 2022-23 ൽ നടപ്പാക്കിയത്. നിലവിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കുന്നില്ല എന്നു കാണുന്നു. കരാറുകാരൻ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനു അപേക്ഷയോ മറ്റോ നൽകിയിട്ടുമില്ല.

പഞ്ചായത്ത് മതിയായ ഫണ്ട് അനുവദിക്കാത്തതാണ് നിർമ്മാണം ഇഴയുന്നതിന് കാരണം. തനതു ഫണ്ടിന്റെ അപര്യാപ്തത ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിനെ ബാധിക്കുന്നുണ്ട്. ജനപ്രതിനിധികളുടെ ഫലപ്രദമായ ഇടപെടൽ കാരണം സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ കേരള ബഡ്ജറ്റിന്റെ അനുബന്ധം-II ൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുള്ള ഭരണാനുമതിയ്ക്കായി പ്രാരംഭ എസ്റ്റിമേറ്റ് തദ്ദേശ ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചതായി പദ്ധതിയുടെ ചുമതലയുണ്ടായിരുന്ന മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം.19/19-07-2023) അറിയിച്ചിട്ടുണ്ട്.ഇതിനോടൊപ്പം കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സാക്ഷ്യപത്രം കൂടി സമർപ്പിക്കേണ്ടതിനാൽ കൊല്ലം TKM എഞ്ചിനീയറിംഗ് കോളേജ് അധികൃതർ സൈറ്റ് പരിശോധിക്കുകയും ചെയ്തിരുന്നു. ടി സാക്ഷ്യപത്രം ലഭ്യമാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനും സർക്കാർ അനുവദിച്ച ഫണ്ട് നേടിയെടുക്കുന്നതിനും ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-18 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-മുൻകൂർ നൽകിയ തുക ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 21-22 സാമ്പത്തിക വർഷം പ്രോജക്ട് നം. 102/22 പ്രകാരം വികസന ഫണ്ടിനത്തിൽ 2,27,716 രൂപയും തനത് ഫണ്ടിനത്തിൽ 50,000 രൂപയും 22-23 സാമ്പത്തിക വർഷം സ്പിൽ ഓവർ പദ്ധതിയായി 78/23 പ്രകാരം വികസനഫണ്ട് ഇനത്തിൽ 1,36,124 രൂപയും ചെലവഴിച്ചിട്ടുണ്ട്. 21-22 വാർഷിക പദ്ധതിയുടെ ഭാഗമായി സി.പി.ആർ.സി.എസ് പോർട്ടൽ വഴി 6 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം മുൻകൂറായി 1,87,680 രൂപ നൽകിയതിന്റെ അടിസ്ഥാനത്തിൽ അവ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ടാക്സ് ഇൻവോയിസ് പ്രകാരം 6 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾക്ക് ചെലവായ ആകെ തുക 1,80,462 രൂപയാണ്. പ്രൊഫോർമ ഇൻവോയിസ്, ടാക്സ് ഇൻവോയിസ്

എന്നിവ പ്രകാരം 7218 രൂപ കെൽട്രോണിൽ അധികമായി നിലനിൽക്കുന്നു. ടി തുക തിരികെ ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-19 വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില ,മഴയുടെ അളവ് ,കാറ്റിന്റെ ഗതി ,തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്ന നായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28 / 5 / 22 ലെ സ .ഉ .കൈ.115 / 22 /ത സ്വ ഭ വ(7 .8 .8 )നിർദേശിക്കുന്നു .അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ ഉറപ്പായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരളം ഇനിഷ്യറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ് .അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 ടേക്ക് എ ബ്രേക്ക് പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | 318/20-21,209/21-22, 17/22-23,ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കൽ |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹849939<br>കേന്ദ്രാവിഷ്കൃത ഫണ്ട് - ₹441897<br>തനതു ഫണ്ട് - ₹49218<br>ആകെ - ₹1341054 |
| തുക ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹749511 (ബിൽ നം. 450/15.03.2022)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹501421 (ബിൽ നം. 120/28.09.2022)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ₹348518 (ബിൽ നം. 243/30.01.2023)<br>കേന്ദ്രാവിഷ്കൃത ഫണ്ട് - ₹396726 (ചെക്ക് നം.691806052/03.02.2023)<br>തനതു ഫണ്ട് - 0<br>ആകെ - ₹1246665 |
| എഗ്രിമെന്റ് നമ്പർ | 16/AE/LSGD/ERT/2021-22; 27-07-2021 |
| കരാറുകാരൻ | അഖിൽ വി എസ്, ലീല സദനം. ചൂരക്കോട് |

അടൂർ-ഏനാത്ത് M C റോഡിനരികിൽ റവന്യൂ പുറമ്പോക്കിൽ 3 സെന്റ് സ്ഥലത്ത് ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2020-21 ൽ തയ്യാറാക്കിയിരുന്നു. 07-11-2020 ൽ ടെണ്ടർ ക്ഷണിക്കുകയും 1866575 രൂപ ക്വോട്ട് ചെയ്ത ശ്രീ അഖിൽ എന്ന കരാറുകാരന്റെ ടെണ്ടർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിരുന്നു. (29.06.2021 ലെ 1(1) ാം നമ്പർ തീരുമാനം). ഇതനുസരിച്ച് കരാറുകാരന് 13.07.2021 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും 27.07.2021 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. കരാർ പ്രകാരം 27.01.2022 ൽ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഓഡിറ്റ് തീയതി വരെയും പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങൾക്കു വിട്ടുനൽകാൻ കരാറുകാരനു കഴിഞ്ഞിട്ടില്ല.



നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത പക്ഷം പൂർത്തീകരണ കാലാവധിയ്ക്കുള്ളിൽ തന്നെ തീയതി ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതായിരുന്നു. നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25 % അല്ലെങ്കിൽ ആറുമാസം ഇവയിൽ ഏതാണോ കുറവ് ആ കാലാവധി

1% തുക പിഴയായി ഈടാക്കിക്കൊണ്ട് അനുവദിച്ച് നൽകുന്നതാണ്. തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനു 2% തുക പിഴയായി ഈടാക്കിക്കൊണ്ട് കരാർ പുതുക്കുന്നതാണ്. എന്നാൽ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 50% ലധികം സമയം ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല. മേൽ എഗ്രിമെന്റ് പ്രകാരം ആകെ കരാർ കാലാവധി 6 മാസമാണ്. 1% പിഴ ഈടാക്കിക്കൊണ്ട് 1.5 മാസവും 2 % പിഴ ഈടാക്കിക്കൊണ്ട് 3 മാസവും കരാർ ദീർഘിപ്പിക്കാമായിരുന്നു. എന്നാൽ എഗ്രിമെന്റ് കാലാവധിയായ 27.01.2022 ന ശേഷം 18 മാസത്തോളമായിട്ടും പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി പൂർത്തീകരിക്കാത്തതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. (നം.17/19.07.2023). ഇതിനു മറുപടിയായി റവന്യൂ വകുപ്പിൽ നിന്നും താൽക്കാലികമായി ലഭ്യമാക്കിയ പുറമ്പോക്ക് സ്ഥലം മണ്ണിട്ട് ഉയർത്തേണ്ടതായി വന്നുവെന്നും ഫൗണ്ടേഷൻ എടുത്തപ്പോൾ വെള്ളക്കെട്ട് കാരണം നിർമ്മാണം നീണ്ടു പോയി എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി.

05.07.2021 ൽ മൂന്നു സെന്റ് റവന്യൂ പുറമ്പോക്ക് ഉപാധികളോടെ ജില്ലാ കളക്ടർ ഗ്രാമപഞ്ചായത്തിനു കൈമാറിയിരുന്നു. ഇതിനു ശേഷമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതും . തുടർന്ന് 1.5 M ഉയരത്തിൽ മണ്ണിട്ട് സൈറ്റ് ഉയർത്തുന്നതിനും മറ്റ് മാറ്റങ്ങൾക്കുമായി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിനു 23.09.2022 ൽ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു. ഇതിനു ശേഷവും 8 മാസത്തോളം പദ്ധതി വൈകിയിട്ടുണ്ട്. പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ പിന്തുണ അവശ്യം.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനി MCF കൾ സ്ഥാപിക്കുന്നതിനു രണ്ടു പദ്ധതികളിലായി ₹1187825 രൂപ (704370+483455) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഇടങ്ങളിലെ MCF കളിൽ പ്ലാസ്റ്റിക് മാലിന്യം നിറഞ്ഞു നിൽക്കുന്നതായും സമീപ സ്ഥലങ്ങളിലും പൊതുജനങ്ങൾ പ്ലാസ്റ്റിക് ചാക്കുകൾ കൂട്ടിയിട്ടിരിക്കുന്നതായും കണ്ടു. പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ / പേര് | 02/2022-23, 7എണ്ണം മിനി MCF നിർമ്മാണം | 311/2021-22, 48/2022-23 എല്ലാ വാർഡുകളിലും മിനി MCF .<br>(വാർഡ് - 1,5,8,13,14,16) |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 285000<br>മറ്റുള്ളവ - 665000<br>ആകെ - 950000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 180000 (2022-23)<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 303455 (2020-21)<br>ആകെ - 483455 |
| തുക ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 285000<br>മറ്റുള്ളവ- 419370<br>ആകെ - 704370 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 180000 (2022-23)<br>കേന്ദ്രാവിഷ്കൃത ഫണ്ട് - 303455 (2020-21)<br>ആകെ - 483455 |
| എഗ്രിമെന്റ് നമ്പർ | 49/AE/LSGD/ERT; 22-12-2022 | 111/AE/LSGD/ERT; 17-11-2021 |
| കരാറുകാരൻ | മനു ജി, അമ്പനാട്ടു കുഴി , കുന്നിട | ബെന്നി കെ.ഒ, ആശ ഭവൻ, ഭുവയൂർ സൗത്ത്, കടമ്പനാട് |

ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനോടു ചേർന്നു സ്ഥാപിച്ച മിനി MCF ലും പ്ലാസ്റ്റിക് മാലിന്യം കൂട്ടിയിട്ടിട്ടുണ്ട്.



സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/ 2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

1) ഏറത്ത് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2019 ഏപ്രിൽ മുതലാണ് ആരംഭിച്ചത്. ഗ്രാമപഞ്ചായത്തിൽ 17 വാർഡുകളിൽ രണ്ടംഗങ്ങൾ വീതം 34 ഹരിതകർമ്മസേനാംഗങ്ങളാണ് പ്രവർത്തിക്കുന്നത്. 17 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ എല്ലാ വാർഡുകളിലും ഹരിത കർമ്മസേന കൃത്യമായി പ്രവർത്തിക്കുന്നില്ല എന്ന് രജിസ്റ്ററുകളിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 2022 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ശരാശരി 10 വാർഡുകളിൽ നിന്നു മാത്രമാണ് മാലിന്യങ്ങൾ സംഭരിച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ ശരാശരി 15 വാർഡുകളിൽ പ്രവർത്തനം നടത്തിയിട്ടുണ്ട്. പൂർണ്ണമായും എല്ലാ വാർഡുകളിലും ഹരിത കർമ്മസേനയ്ക്ക് പോകാനായിട്ടില്ല എന്നത് പരിശോധന വിധേയമാക്കേണ്ടതാണ്.

2. യൂസർഫീയിൽ നിന്നും 2022-23 ൽ ഹരിത കർമ്മ സേന അംഗങ്ങൾക്ക് ₹965160 രൂപ വേതനമായി നൽകിയിട്ടുണ്ട്. ശരാശരി 3500 രൂപ മാത്രമാണ് ഒരു അംഗത്തിനു മാസ വരുമാനമായി ലഭിക്കുന്നത്. ഹരിതകർമ്മസേനയുടെ മറ്റു ചെലവുകൾക്കായി ചെറിയ തുക യൂസർ ഫീയിൽ നിന്നും കണ്ടെത്തുന്നുണ്ടെങ്കിലും ആയത് കുറവാണ്.യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ട്.

3. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്രകാരമുള്ള നടപടികൾ ഹരിത കർമ്മ സേന അറിയിച്ചിട്ടില്ല. നിലവിൽ യൂസർ ഫീ ഈടാക്കാത്തവരുടെ വിവരങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കുന്നതായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

4. തൻവർഷം രണ്ടു പദ്ധതികളിലായി ആകെ ₹57824 (പ്രൊജക്ട് നമ്പർ 161/2022-23; ₹19800, പ്രൊജക്ട് നമ്പർ 145/2022-23; വാഹന വാടക ₹38024 ) രൂപ മാത്രമാണ് ഹരിത കർമ്മസേനയ്ക്കു വേണ്ടി ഗ്രാമപഞ്ചായത്തിൽ നിന്നും ചെലവഴിച്ചിട്ടുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ 8.1 സി (7) പ്രകാരം ഹരിത കർമ്മ സേനയ്ക്ക് റിവോൾവിംഗ് ഫണ്ട്. ടെക്നോളജി ഫണ്ട്. ഇന്നവേഷൻ ഫണ്ട് എന്നിവ ലഭ്യമാക്കണം എന്നു നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ തൻവർഷം ഇപ്രകാരമുള്ള തുക ഒന്നും നൽകിയിട്ടില്ല.

5. വീട്ടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ സ്വീകരിച്ച് അവ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിക്കുന്നു. ഇവിടെ നിന്നും മാലിന്യം തരംതിരിച്ച് റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ അയയ്ക്കുന്നു. തുടർന്ന് തരംതിരിച്ച മാലിന്യം പുന:രുപയോഗം ചെയ്യാനുള്ള സംയോജനങ്ങൾ സാധ്യമാക്കുന്നു എന്നതാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനരീതി. എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) സെന്റർ വാർഡ് 17 ൽ ചാക്കമുക്ക് ക്രിമറ്റോറിയം ഭാഗത്ത് സ്ഥാപിച്ചിട്ടുണ്ട്. മിനി എം.സി.എഫുകളിൽ നിന്നും ശേഖരിക്കുന്ന ഖര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും തരം തിരിച്ച് ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും കൃത്യമായ ഇടവേളകളിൽ സാധിക്കുന്നില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 304/2023 പ്രകാരം 44486 രൂപ ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറിയിരുന്നു. ഇൻവോയിസുകൾ പ്രകാരം ആകെ 3770 Kg പ്ലാസ്റ്റിക് മാലിന്യം കമ്പനി തൻ വർഷം ഏറ്റെടുത്തിട്ടുണ്ട്. 29.12.2022 ലാണ് അവസാനമായി പ്ലാസ്റ്റിക് മാലിന്യം കൈമാറിയിട്ടുള്ളതിന്റെ തുക ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകിയിട്ടുള്ളത്. ഇതിനു ശേഷം 06/2023 വരെ അഞ്ചു തവണകളിലായി 9160 Kg തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ (ലെഗസി വേസ്റ്റ്) ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും അതിനുള്ള ബിൽ തുക ഗ്രാമപഞ്ചായത്ത് കൈമാറിയിട്ടില്ല. സമയബന്ധിതമായി തുക കൈമാറാത്തത് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാൽ യഥാസമയം തുക കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.


(വാർഡ് 17 ൽ പ്രവർത്തിക്കുന്ന MCF കെട്ടിടം)

## 1-22 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ മുൻകൂർ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ 48,03,881 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

| ക്രമനം | ഏജൻസി | 31.03.2023ൽ അവശേഷിക്കുന്ന നിക്ഷേപത്തുക (ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 566,753 |
| 2 | കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 4,187,380 |
| 3 | പബ്ലിക്ക് വർക്സ് ഡിപ്പാർട്ട്മെന്റ് | 49,748 |
| ആകെ | | 48,03,881 |

ഓഡിറ്റ് വർഷം കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ 4,16,561 രൂപയാണ് നിക്ഷേപിച്ചത്. ഇതിൽ പദ്ധതി നിർവ്വഹണത്തിന് ശേഷം 40,117 രൂപ മാത്രമാണ് സ്ഥാപനത്തിൽ അവശേഷിക്കുന്നത്. ഇതുകിഴിച്ചുള്ള 47,63,764 രൂപ (48,03,881-40,117) മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകകളിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്നവയാണ്. ടി തുകയ്ക്ക് തുല്യമായ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് സംവിധാനത്തിന്റെ അഭാവമാണ് ഇത് സൂചിപ്പിക്കുന്നത്. അവശേഷിക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 അഗതി രഹിത കേരളം-പദ്ധതി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ അഗതി രഹിത കേരളം ആശ്രയ പദ്ധതി - ഭക്ഷണപദാർഥങ്ങൾ വാങ്ങിനൽകൽ (പ്രോജക്റ്റ് നംപർ. 349/22-23) പ്രകാരം 1,98,621രൂപ, 139 ഗുണഭോക്താക്കൾക്ക് മൂന്ന് മാസത്തേക്ക് ഭക്ഷണകിറ്റ് നൽകുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുള്ളതാണ്. എന്നാൽ അഗതികൾക്കുള്ള ഭക്ഷണകിറ്റ് വിതരണവും, ഒരു ഗുണഭോക്താവിനു വീടു വച്ചു നൽകിയതും ഒഴിച്ച് അഗതികളുടെ സമഗ്രവികസനത്തിനായി പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള മറ്റുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നാളിതുവരെയായി പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. പദ്ധതി മോണിറ്ററിംഗിനായി പ്രസിഡന്റ് അധ്യക്ഷനായ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി ശബ്ദമുയർത്താൻ കഴിയാത്തതും അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം,സുരക്ഷിതമായ താമസസ്ഥലം, അടിസ്ഥാന വരുമാനം എന്നിവ ലഭിക്കാത്തവരും പരസഹായം ഇല്ലാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്തതുമായ സമൂഹത്തിലെ ഏറ്റവും പരിഗണന അർഹിക്കുന്ന അവശരും ആലംബ ഹീനരുമായവരുടെ സമഗ്രമായ ഉന്നമനത്തിനായുള്ള പദ്ധതിയിൽ കാര്യമായ പ്രവർത്തന ങ്ങളൊന്നും തന്നെ പഞ്ചായത്ത് നടത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം കൃത്യമായി മോണിറ്റർ ചെയ്യാത്തതുമൂലമാണ് ഈ അവസ്ഥ സംജാതമായത്. പഞ്ചായത്തിലെ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. പദ്ധതിയുടെ തുടർവർഷ പ്രവർത്തനത്തിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-24 അനന്തരാവകാശികൾ ക്ഷേമപെൻഷൻ അനർഹമായി കൈപ്പറ്റുന്നു.

പെൻഷൻ വിതരണം നടത്തുന്ന സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കണമെന്നും 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ പെൻഷൻ അവർ മരണപ്പെട്ടതിന് ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കണ്ടെത്തിയിട്ടുള്ളതാണ്. ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന ഗുണഭോക്താക്കളുടെ അവകാശികൾക്കാണ് ഇത്തരത്തിൽ അനർഹമായി തുക ലഭിച്ചത്. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിനെ യഥാസമയം പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാലാണ് ഈ അപാകത സംഭവിച്ചത്. പരിശോധനയിൽ വ്യക്തമായ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | അവകാശികൾ അനർഹമായി | കാലയളവ് |
|---|---|---|---|---|---|---|

| | | | | | കൈപ്പറ്റിയ പെൻഷൻ തുക | |
|---|---|---|---|---|---|---|
| 1 | വൽസല | 104170600983 | വിധവ പെൻഷൻ | 19.5.21 | 4800 | 6/21-8/21 |
| 2 | ഓമന | 104170200838 | വാർദ്ധക്യകാല പെൻഷൻ | 1.9.21 | 27200 | 10/21-2/23 |

ഇത്തരത്തിൽ അനന്തരവകാശികൾ അനർഹമായി കൈപ്പറ്റിയ തുക അവരിൽനിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു .

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ് പെൻസറിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി ഹോംകോയിൽ മുൻകൂറായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ഒന്നും തന്നെ നാളിതുവരെയായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഒടുക്കിയ തുക/ബിൽ നമ്പർ തീയതി | പെർഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്ന് | ലഭ്യമാക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|
| മരുന്നു വാങ്ങൽ/120/23 | 100000<br>ബിൽ നമ്പർ- 4/22-23<br>Dt15.12.22 | CF559/13.10.22 | ഇല്ല | 100000 |

മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച വികസനഫണ്ട് തുക തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിന് ശേഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിച്ച 19,15,280 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. വികസനഫണ്ട് വകയിരുത്തി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് ശേഷം അവശേഷിച്ച തുക തിരികെ ലഭിച്ചതാണ് ഇത്തരത്തിൽ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| തിരികെ ലഭിച്ച തുക | അക്കൗണ്ടിൽ ക്രെഡിറ്റ് ആയ തീയതി |
|---|---|
| 1286279 | 22.03.2022 |
| 321001 | 22.03.2022 |
| 308000 | 31.03.2022 |

ഗ്രാമപഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 112820 | വന്യമൃഗ സംരക്ഷണം-സംരക്ഷണ വേലി സ്ഥാപിക്കൽ, 293/23 | 112820 | 0 |
| | 499926 | പാലിയേറ്റീവ് കെയർ, 10/23 | 499926 | 0 |
| | 7460000 | ലൈഫ് പദ്ധതി, 337/23 | 7460000 | 0 |
| | 660000 | ലൈഫ് പദ്ധതി, 116/23 | 660000 | 0 |
| | 2586264 | ലൈഫ് പദ്ധതി, 105/23 | 2586264 | 0 |
| | 165492 | ക്ഷീരകർഷകർക്ക് സബ്സിഡി, 143/23 | 165492 | |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | 105585 | വന്യമൃഗ സംരക്ഷണം-സംരക്ഷണ വേലി സ്ഥാപിക്കൽ, 293/23 | 105585 | 0 |
| | 260000 | ലൈഫ് പദ്ധതി, 84/23 | 260000 | 0 |
| | 640000 | ലൈഫ് പദ്ധതി, 105/23 | 640000 | 0 |
| | 348500 | സ്കോളർഷിപ്പ്, 127/23 | 348500 | 0 |
| | 263232 | ക്ഷീരകർഷകർക്ക് സബ്സിഡി, 143/23 | 263232 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവത്തി നടത്തുന്നതിന് താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ വിവരം | മുൻകൂർ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, 79/23 | 14369 | 14369 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ച |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ, 285/23 | 255282 | 215165 | 40117 | 40117 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുവാൻ അവശേഷിക്കുന്നു |
| | സ്ട്രീറ്റ് ലൈൻ നീട്ടൽ, 284/23 | 146910 | 146910 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ച |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ | വായ്പാത്തുക | | | തിരിച്ചടവ് | | |
|---|---|---|---|---|---|---|
| | മുൻപ് ലഭിച്ചത് | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷം ലഭിച്ചത് ഉൾപ്പെടെ തരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നത് | തൻവർഷം അടച്ചത് | തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നത് |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി KURDFC | 33737056 | 7460000 | 41197056 | 33453056 | 3306719 | 30146337 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 2125 രൂപയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ |
|---|---|---|---|---|
| 1996-97 | 29 | 102 | പ്രസാദ് | 1220102322/19.09.22 |
| 1999-00 | 23 | 233 | മെഡിക്കൽ ഓഫീസർ | 1220102323/19.09.22 |
| 2015-16 | 24(1) | 500 | സുനിൽ | 1220102327/19.09.22 |
| 1995-96 | 21 | 1290 | പി.ജി.തോമസ് | 1220102356/20.09.22 |
| ആകെ | | 2125 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | - | 2001 – 02 | IV.3.4 | നിലവിലില്ലാത്ത ബുക്ക് നിർമ്മാണ യൂണിറ്റിന്റെ പേരിൽ 50000 രൂപ ധനസഹായം നൽകി |
| 2000-01 | 30 | 2003-04 (2011-14 LFAC 16 Th Report) | - | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തിയാക്കാത്തത് സംബന്ധിച്ച് |
| 2000-01 | | 2003-04 | | എഞ്ചിനീയർമാർക്കുള്ള റമ്യൂണറൈസേഷൻ അധികം കൊടുത്തു (45467) |
| 2000-01 | | 2003-04 | | കുറിയിൽപ്പടി റോഡ് ടാറിംഗ് |
| 2012-13 | | 2012-13 | 3.3.6 | പ്രവർത്തനക്ഷമതാ റിപ്പോർട്ട്- മാതൃകാ PHC, പദ്ധതി നടത്തിപ്പിലെ അപാകതകൾ, സ്കൂൾ ആരോഗ്യ പദ്ധതി-മാതൃകാ പ്രവർത്തനം |
| 2014-15 | 2-1 | 2016-17 | | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-9 | 2016-17 | | തൊഴിൽ നികുതി അപാകതകൾ |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 200008791 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 187024251 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി3- 771/9, തീയതി: 03.06.98 | 2(14,19) |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി3-66/98, തീയതി 08.07.98 | 3(27,31,33) |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-590/98, തീയതി 07.04.99 | 1(9) |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി4-148/07, തീയതി 04.12.07 | 1(2-2) |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-606/00, തീയതി 14.08.01 | 3(14,15,17) |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2-704/02, തീയതി 31.03.03 | 5(21,24,25,29,30) |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി4-703/06, തീയതി 05.12.06 | 4(2-3,2-4,2-5,2-7) |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2-751/04, തീയതി 05.04.05 | 4(3-4,3-5,3-6,3-7) |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി10-474/08, തീയതി 27.02.10 | 8(2-3,3-6,3-7,3-8,3-10,3-12) |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി10-479/08, തീയതി 30.03.10 | 15(2-6,3-3,3-4,3-5,3-7,3-8,3-9,3-10,3-12,3-13, 3-14,3-15,3-16,3-17,3-19 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി10-240/10, തീയതി 06.01.11 | 14(2-3,3-1,3-4,3-5,3-6,3-8,3-9,3-10, 3-11,3-12,3-13,3-15,3-16,3-19) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി4-392/11, തീയതി 22.11.12 | |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി10-1113/12, തീയതി 20.03.13 | 21(2-1,2-2,2-3,2-4,2-6,2-7,2-8,2-9,2-10, 3-3,3-5,3-8,3-11,3-28,3-39,3-30,(2)3-32, 3-37,3-39,3-40,3-41) |
| 2011-12 &12-13 | എൽ.എഫ്.പി.റ്റി.എ.പി10-588/14, തീയതി 27.10.14 | 5 (2-3,3-9,3-13,3-16,3-18) |
| 2013-14 | എൽഎഫ്.പി.റ്റി.എ.പി10/322/15, തീയതി 12.06.15/13.07.15 | 3(3-2,3-13,3-14) |
| 2014-15 | എൽ.എഫ്.പി.റ്റി.എ.പി10-775/15, തീയതി 26.08.2015 | 6(2-1,3-1,3-6,3-8,3-12,3-13) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.10.1321/16, തീയതി 07.12.16 | 4(2-4(1)2-5,2-9,3-3 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി.10.669/17, തീയതി22.06.2017 | 2(2-4,3-1) |
| 2017-18 | കെ.എസ്.എ.പി.റ്റി.എപി.10/1357/18, തീയതി,24.10.18 | 17(2-2,2-4,2-5,2-6,2-7,3-1,3-2,3-4,3-5,3-7,3-8,3-10, 3-12,3-13,3-14,3-15,3-17) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ പി.10/604(എ)/19 തീയതി 08.08.19 | 22 (2-1,2-4,2-6,2-7(3)3-1,3-2,3-4,3-8,3-9,3-10(2)3-13, 3-19,3-0,3-21,3-23,3-24,3-25,3-26,3-28,3-30,3-32,3-36) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.10/259 /21,തീയതി15.04.2021 | |
| 2020-21 | കെ.എസ്.എ/പി.റ്റി.എ /പി10/380/22, തീയ്യതി 06/05/2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി.10/1237 /22,തീയതി 12.12.2022 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the ERATH Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report,

Date: 20/09/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of ERATH Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1

## അനുബന്ധം

1) I have audited the attached Financial statements approved vide Resolution No.6(1) dated 27.06.2023 and submitted on 27.06.2023 comprising of Receipt and Payment statement, Income and Expenditure account for the year ended on March 2023 and Balance sheet as on 31.03.2023 with supporting forms, of the Erath Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapter 4.2.1 & 11.3 and as per guidelines and compliance instructions issued by State/Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial audit.

2) I have conducted my Financial audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

3) On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended

Qualified opinion

except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Erath Grama Panchayath for the year 2022-23.

Pathanamthitta

Deputy Director

20.09.2023

APPENDED REPORT

Audit Report appended to the Audit Certificate of Erath Grama Panchayat for the Year 2022-23.

1. Major observations

1. Non disclosure of assets.

2. Other observations

1. Ratios and Notes to accounts, the mandatory financial statements prescribed in accounting rules are not submitted for audit.

2. Directly debited by bank-further action not taken

3. Cheques uncashed for more than 3 months were not transfered to stale cheque account.

4. Demand register of property tax does not match with financial statement.

5. Loan register is not reliable for audit.
6. Demand register are not periodically reconected with accounts.

7. Discrepancies /omissions in carrying forward of the closing balance of various bank accounts which are not existing /unoperative

8. Cashflow statement – Net increases/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

Pathanamthitta

Deputy Director

20.09.2023